**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3362** **16.12.2015 ൽ മറുപടിയ്ക്ക്**

# കാർഷിക ഉൽപന്നങ്ങൾക്ക് വിലസ്ഥിരത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീമതി.ഗീതാ ഗോപി :<br>ശ്രീ.വി.ശശി :<br>ശ്രീ.ഇ.ചന്ദ്രശേഖരൻ: | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) കാർഷിക ഉൽപന്നങ്ങൾക്ക് കാലാകാലങ്ങളിലുണ്ടാകുന്ന വിലയിടിവും വിളനാശവും മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാർഷിക ഉൽപന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കാർഷിക ഉല്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്.<br>സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും. കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 തീയതിയിലെ സ.ഉ (എം.എസ്) നം.56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.<br>റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് 03.07.2015 തീയതിയിലെ സ.ഉ (പി) നം.269/2015/ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

നാളികേരത്തിന് ന്യായമായ വില ഉറപ്പ വരുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്.

ഇതിനുപുറമേ നെല്ലിന് ന്യായമായ വില ഉറപ്പ വരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതിയിലുൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല സംഭരണം നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ